# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

10/04/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3584

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി. രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| 2012-13 സാമ്പത്തിക വർഷം കർഷക കടാശ്വാസ കമ്മീഷൻ എത്ര തുകയാണ് എഴുതിത്തള്ളിയത്; ഏതുവർഷം വരെ വായ്പയെടുത്തവരുടെ കടങ്ങളാണ് എഴുതിത്തള്ളിയത്; വിശദാംശം നൽകുമോ ? | 2012-13 സാമ്പത്തിക വർഷം കർഷക കടാശ്വാസ കമ്മീഷൻ 18,38,16,324/- രൂപ കടാശ്വാസമായി അനുവദിക്കാൻ സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. 2006 - ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം ആക്ട് നിലവിൽ വന്ന 18/01/2007 നോ അതിനുമുമ്പോ കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾക്കോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടംകൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ആൾക്കോ ലഭിക്കാനുള്ളതും കാർഷിക/കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്കെടുത്തിട്ടുള്ളതുമായ കടങ്ങൾക്കാണ് കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസം ശുപാർശ ചെയ്യുന്നത്. വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി പരിഗണിച്ച് ജില്ലയിലെ കർഷകരുടെ 31/10/2011 വരെയുള്ള കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ